പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 274 22/06/2012-ൽ മറുപടിക്ക്

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ മാറ്റം

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പാലോട് രവി:
ശ്രീ. എം.എ. വാഹീദ്:
ശ്രീ. എം.പി.വിൻസെന്റ്:

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(എ) ആന്റ് (ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ നിവേദനങ്ങളുടെയും സർക്കാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി സംബന്ധിച്ച കരട് മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയിട്ടുണ്ട്. മെക്കനൈസ്ഡ് പാർക്കിംഗ്, താൽക്കാലിക കുടിലുകൾ, ഷെഡുകൾ എന്നിവയ്ക്കായുള്ള വ്യവസ്ഥകൾ കരടു നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കെട്ടിടങ്ങൾക്കാവശ്യമുള്ള ഓപ്പൺ സ്പേസ്/യാർഡ്, ഹൈറൈസ് കെട്ടിടങ്ങളുടെ നിർവ്വചനം, എഞ്ചിനീയർ/ടൗൺപ്ലാനർ/ബിൽഡിംഗ് ഡിസൈനർ/സൂപ്പർവൈസർ തുടങ്ങിയവയുടെ രജിസ്റ്ററിംഗ് അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട കെ.പി.ബി.ആർ-ലെ വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്താനും കരട് നിർദ്ദേശമുണ്ട്. ദ്വീപുകളിലേയ്ക്ക് പ്രവേശിക്കുന്നതിന് ജലമാർഗ്ഗം access-പരിഗണിയ്ക്കുന്നതുമായി ബന്ധപ്പെട്ട മുഖ്യനഗരാസൂത്രകന്റെ ഭേദഗതി നിർദ്ദേശത്തിൽ ജലവിഭവ വകുപ്പ്, ആഭ്യന്തര വകുപ്പ്, പരിസ്ഥിതി വകുപ്പ് എന്നിവയുടെ റിപ്പോർട്ട് തേടിയിരിക്കയാണ്. സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ദുരന്ത നിവാരണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്ന വിഷയം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (State Disaster Management Authority) പരിഗണിക്കുന്നുണ്ട്. സുരക്ഷ പരിഗണിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭേദഗതികൾ വേണമെന്നും, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭാവിയിൽ ഭേദഗതികൾ വരുത്തുന്നത് പ്രസ്തുത അതോറിറ്റിയുടെ സ്വീകാര്യത (vetting) യോടെ ആകണമെന്നും, ദുരന്ത നിവാരണ-റവന്യൂ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനെ

അറിയിച്ചിട്ടുണ്ട്. ഹൈറൈസ് കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ (guidelines for highrise buildings) അടിസ്ഥാനത്തിൽ വരുത്തേണ്ട ഭേദഗതികളും സർക്കാർ പരിശോധിച്ചു വരികയാണ്. താരതമ്യേന ചെറിയ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയവും സർക്കാർ പരിഗണിച്ചു വരികയാണ്.

(സി) ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) കരട് ഭേദഗതിയിന്മേൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ